" ഭരണഭാഷ മാതൃഭാഷ "

## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം.

**(സാന്നിദ്ധ്യം: എസ് ആനന്ദകൃഷ്ണൻ,ഐ.പി.എസ്)**

വിഷയം:- എക്സൈസ് ഭരണപരം - എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 14.05.2021 -ലെ XD3/248635/2020 നമ്പർ ഉത്തരവ്.
2) 15.05.2021-ലെ XD3/248635/2020 നമ്പർ ഉത്തരവ്.
3) 24.02.2021 -ലെ എഫ്1/260/2020/നി.വ നമ്പർ സർക്കാർ കത്ത്.
4) 06.04.2022 -ലെXD3/248635/2020 നമ്പർകത്ത്
5) 19.05.2022 -ലെ എഫ്1/111/2022/നി.വ നമ്പർ സർക്കാർ കത്ത്.
6) 25.05.2022 - ലെ ശ്രീ.ബാബു പ്രസാദ് കെ.ബി. സമർപ്പിച്ച അപേക്ഷ
7) 18.06.2022-ലെ XD3-248635/2020നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ XD3-248635/2020 തീയതി: 22.06.2022**

എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്ക് പരാമർശം (7) പ്രകാരം എക്സൈസ് ഇൻസ്പെക്ടർ തസ്തിയിലേയ്ക്ക് കെ എസ് ആന്റ് എസ് എസ് ആർ ചട്ടം 31(a)(i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. നിലവിൽ എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്കുള്ള റഗുലർ സ്ഥാനക്കയറ്റം നടത്താൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് പരാമർശം (1) പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രിവന്റീവ് ഓഫീസർമാരുടെ ഗ്രഡേഷൻ ലിസ്റ്റിലുള്ള പ്രിവന്റീവ് ഓഫീസർമാർക്ക് കെ എസ് ആന്റ് എസ് എസ് ആർ ചട്ടം 31(a)(i) പ്രകാരം, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നടത്താൻ പരാമർശം (5) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (1) ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന പ്രിവന്റീവ് ഓഫീസർമാർക്ക് കെ എസ് ആന്റ്

എസ് എസ് ആർ ചട്ടം 31(a)(i) പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1). താൽക്കാലിക പ്രൊമോഷനുകൾ സീനിയോറിറ്റി സംബന്ധമായി നിലവിലുള്ള കോടതി കേസുകളിലെ അന്തിമ വിധിന്യായങ്ങൾക്ക് വിധേയമായിരിക്കും.

2). പ്രസ്തുത താൽക്കാലിക പ്രൊമോഷനുകൾ മൂലം പ്രൊമോഷൻ തസ്തികയിൽ സീനിയോറിറ്റി, പ്രൊബേഷൻ, ഭാവിയിൽ ടി തസ്തികയിലേക്കുള്ള റെഗുലർ പ്രൊമോഷനുകൾ എന്നിവയ്ക്ക് യാതൊരു അവകാശവാദങ്ങളും ഉന്നയിക്കുന്നതിന് ടി താൽക്കാലിക പ്രൊമോഷൻ ലഭിച്ചവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

3).ഇപ്രകാരം സ്ഥാനക്കയറ്റം നേടുന്നവർക്ക് സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ Pay fixation -ന് അർഹതയുണ്ടായിരിക്കുന്നതല്ല.

| ക്രമ നമ്പർ | പ്രിവന്റീവ് ഓഫീസർമാരുടെ പേര് | ഡിവിഷൻ | താൽക്കാലിക സ്ഥാനക്കറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | അനിമോൻ ആന്റണി | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, കായംകുളം |
| 2 | ജയചന്ദ്രൻ.സി | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, ചിറ്റൂർ |
| 3 | സബിൻ.റ്റി | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ്, കോട്ടയം |
| 4 | ബാബു.എൻ | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, ചേർത്തല |
| 5 | രാജീവ് കെ എച്ച് | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, കൊല്ലം |
| 6 | പ്രശാന്ത്.ജെ.എസ് | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, നെയ്യാറ്റിൻകര |